# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

10.12.2018-ൽ മറുപടിക്ക്

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3124

**<u>അഴീക്കോട് മുനമ്പം പാലത്തിന്റെ സ്ഥലമേറ്റെടുക്കൽ നടപടി</u>**

| ചോദ്യം<br>ശ്രീ.ഇ.ടി. ടൈസൺ മാസ്റ്റർ : | മറുപടി<br>ശ്രീ. ജി. സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| --- | --- |
| (എ) തൃശ്ശൂർ -എറണാകുളം തീരദേശങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന അഴീക്കോട് മുനമ്പം പാലത്തിന്റെ സ്ഥലമേറ്റെടുക്കൽ നടപടി ദ്രുതഗതിയിലാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (എ) ലാന്റ് അക്വിസിഷൻ ഡെപ്യൂട്ടി കളക്ടർ തൃശ്ശൂർ, എറണാകുളം എന്നിവരുമായി ബന്ധപ്പെട്ട് സ്ഥലം ഏറ്റെടുക്കുന്നതിനു വേണ്ടിയുള്ള അലൈൻമെന്റ് സ്റ്റോൺസ് സ്ഥാപിച്ച കഴിഞ്ഞു. അഴീക്കോട് ഭാഗത്തെ ലാന്റ് അക്വിസിഷനുവേണ്ടി തൃശ്ശൂർ ലാന്റ് അക്വിസിഷൻ ഓഫീസർ സ്കെച്ച് തയ്യാറാക്കി പരിശോധിക്കുകയും ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ നടന്നുകൊണ്ടിരിക്കുകയും ചെയ്യുന്നു. ഫിഷറീസ് വകുപ്പിന്റെ ഉടമസ്ഥതയിലുള്ള 56 സെന്റ് സ്ഥലം വിട്ടു തരുന്നതിന് ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ തൃശ്ശൂരും, ലാന്റ് അക്വിസിഷൻ (ജനറൽ) വകുപ്പും, കൊടുങ്ങല്ലൂർ താലൂക്ക് സർവ്വേയർമാരും, പൊതുമരാമത്ത് വകുപ്പും ചേർന്ന് 24.07.2018-ന് സംയുക്ത പരിശോധന നടത്തുകയും ആയതിന്റെ റിപ്പോർട്ട് ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ തൃശ്ശൂരിൽ നിന്നും, ഡയറക്ടർ ഫിഷറീസ്, തിരുവനന്തപുരത്തിന് സമർപ്പിച്ചിട്ടുണ്ട്. മുനമ്പം ഭാഗത്തെ സംയുക്ത പരിശോധന നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ഭൂമി ഏറ്റെടുക്കുന്നതിനുള്ള ഫണ്ട് ലഭിക്കുന്നതിനായി എക്സിക്യൂട്ടീവ് എഞ്ചിനീയർ നിരത്തു വിഭാഗത്തിൽ നിന്നും കത്ത് നം. എ 2-1991/2005 തീയതി 28.09.2018 മുഖാന്തിരം തിരുവനന്തപുരം കേരള റോഡ്സ് ഫണ്ട് ബോർഡ് പ്രോജക്ട് ഡയറക്ടറിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. |

(ബി). ഇത് സംബന്ധിച്ചുള്ള സാമൂഹ്യ പ്രത്യാഘാത പഠനം ആരംഭിച്ചിട്ട് എത്ര നാളായി; പ്രസ്തുത പഠനം പൂർത്തീകരിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ എത്രസമയമെടുക്കും എന്നറിയിക്കാമോ?

(ബി) ജില്ലാ കളക്ടർ നേരിട്ട് നിയമിച്ചിരിക്കുന്ന പ്രത്യേക സംഘമാണ് സാമൂഹികാഘാത പഠനം നടത്തുന്നത്. അത് പൊതുമരാമത്ത് വകുപ്പുമായി നേരിട്ട് ബന്ധമുള്ളതല്ല. രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസ് , കളമശ്ശേരിയാണ് ഇരുഭാഗത്തും സാമൂഹികാഘാത പഠനം നടത്തുന്നത്.

സെക്ഷൻ ഓഫീസർ